# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: P.B.നൂഹ് IAS)

തിരുവനന്തപുരം

ഉത്തരവ് നം.: E4-1960/18. തീയതി: 15.02.2018.

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വാച്ച്മാൻ തസ്തികയിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ(കൈ) 1/2018/ഉ.ഭ.പ.വ തീയതി: 27.1.2018.
2. സാ.നീ.ഡയറക്ടറുടെ 6.2.18ലെ E4-535/18 നം. പരിപത്രം.
3. വിവിധ കാര്യാലയ മേധാവികൾ മുഖാന്തിരമുള്ള ജീവനക്കാരുടെ അപേക്ഷകൾ.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ വിവിധ കാര്യാലയങ്ങളിൽ വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന 3 ജീവനക്കാർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിക്കുന്നതിനായി പരാമർശം(3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചും കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടം 2-ന്റെ പ്രോവിസോ, ഒന്നാം പരാമർശിത ഉത്തരവ് എന്നിവ പ്രകാരവും വാച്ച്മാൻ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ടി ജീവനക്കാർക്ക് വാച്ച്മാൻ തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ചുവടെ ചേർക്കും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും തസ്തികയും | നിലവിൽ ജോലി ചെയ്തുവരുന്ന കാര്യാലയം | പ്രോബേഷൻ ഡിക്ലയർ ചെയ്ത തീയതി | തസ്തികമാറ്റം അനുവദിച്ച് OA ആയി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|---|
| 1. | **ശ്രീ.ഷെമീം.എച്ച് വാച്ച്മാൻ** | ICDS വാമനപുരം | 2.3.2017 FN | ICDS ചിറയിൻകീഴ് അഡീ. |
| 2. | **ശ്രീ.കുമാരദാസ്.കെ വാച്ച്മാൻ** | ഗവ.ഓൾഡേജ് ഹോം, എറണാകുളം | 2.7.2016 FN | പ്രൊബേഷൻ ഓഫീസ്, എറണാകുളം. |
| 3. | **ശ്രീ.ഷാജുദ്ദീൻ. പി വാച്ച്മാൻ** | ഗവ. ചിൽഡ്രൻസ് ഹോം, കോഴിക്കോട് | 22.2.2015 FN | ICDS ചേളന്നൂർ |

*db@*

മേൽ ജീവനക്കാർ തസ്തികമാറ്റം ലഭിച്ച OA തസ്തികയിൽ ഏറ്റവും ജൂനിയറായിരിക്കും. ശ്രീ ജീവനക്കാരുടെ പുതിയ തസ്തികയിലെ നിയമനം സംബന്ധിച്ച വിവരം അവരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:

1. സി.ഡി.പി.ഒ, വാമനപുരം / ചിറയിൻകീഴ് അഡീ./ ചേളന്നൂർ.
2. സൂപ്രണ്ട്, ഗവ. ഓൾഡേഡ് ഹോം, എറണാകുളം / ഗവ. ചിൽഡ്രൻസ് ഹോം, കോഴിക്കോട്.
3. പ്രൊബേഷൻ ഓഫീസർ, എറണാകുളം.
4. സ്പെഷ്യൽ സെൽ / E9 സീറ്റ്.
5. സൂപ്രണ്ട് IT സെൽ.
6. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ.
7. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

db@